കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

An IS 15700 : 2005 Certified Department

## ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം
## ഹാജർ: അനിൽകുമാർ. വി.സി

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും, ഹെഡ്ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും,നടത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു-

പരാമർശം :

1. ജൂനിയർ സൂപ്രണ്ടുമാരായ ശ്രീമതി.നീനാ പ്രഭാകരൻ, ശ്രീ.ജയകുമാർ എസ് എന്നിവരുടെ യഥാക്രമം 30.06.2022, 01.07.2022 എന്നീ തീയതികളിലെ സ്ഥലം മാറ്റ അപേക്ഷകൾ.
2. ഹെഡ് ക്ലാർക്കായ ശ്രീ.പ്രദീപ് നാഥ് എ.ആർ ന്റെ 02.07.2022 ലെ സ്ഥലംമാറ്റ അപേക്ഷ.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 23.07.2022 ലെ ഇ2-16535/2021/സി.ഇ.ഐ നമ്പർ ഉത്തരവ്.
4. 17.02.2020 ലെ PWR-A3/109/2018-Power നമ്പർ സർക്കാർ കത്ത്.
5. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 02.08.2022 ലെ സി.ഇ.ഐ/15931/2022-ഇ3 നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ ഇ2– 16535/2021/സി.ഇ.ഐ. തീയതി :04.08.2022

ഈ വകുപ്പിൽ, പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.ബിന്ദുമോൾ ടി.ടി, തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ശ്രീകാന്ത് എസ്.ആർ എന്നിവർക്ക് പരാമർശം (3) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം നൽകിയതു മൂലം വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവുകളിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പരാമർശം (5) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ്ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയറായിട്ടുള്ള ശ്രീമതി.മഞ്ജിമ പി.രാജു, ശ്രീ.വിജയൻ കെ എന്നിവർക്കാണ് അർഹതയുള്ളത്. എന്നാൽ ടി ഉദ്യോഗസ്ഥർ ഹെഡ്ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു.

വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന വിലക്കിൽ ഇളവ് നൽകി ഭാവിയിൽ സമാനമായ കേസുകളിൽ ഹെഡ്ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് കെ.എസ് &

എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം ജൂനിയർ സൂപ്രണ്ടായി താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് പരാമർശം (4) കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ശ്രീമതി.മഞ്ജിമ പി.രാജു, ശ്രീ.വിജയൻ കെ എന്നിവർ ഹെഡ്ക്ലാർക്ക് തസ്തികയിൽ റഗുലർ സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരാണ്. ഈ സാഹചര്യത്തിൽ, കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ്ക്ലാർക്ക് ശ്രീമതി.മഞ്ജിമ പി.രാജു, എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ്ക്ലാർക്ക് ശ്രീ.വിജയൻ കെ എന്നിവർക്ക് ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം 43400–91200/- രൂപ ശമ്പളനിരക്കിൽ ജൂനിയർ സൂപ്രണ്ടായി താത്ക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു. താത്ക്കാലിക സ്ഥാനക്കയറ്റം ലഭിക്കുന്ന മേൽ ഉദ്യോഗസ്ഥരുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സേവനകാലം കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 18(e) യിലെ വ്യവസ്ഥ പ്രകാരം ഹെഡ്ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തീകരിക്കുന്നതിനായി കണക്കാക്കുന്നതാണ്. ഹെഡ്ക്ലാർക്ക് തസ്തകയിലെ പ്രൊബേഷൻ പൂർത്തീകരിച്ച് ജൂനിയർ സൂപ്രണ്ട് തസ്തികയിലെ താത്ക്കാലിക സ്ഥാനക്കയറ്റം റഗുലറൈസ് ചെയ്യുന്ന തീയതി മുതൽ ടി ഉദ്യോഗസ്ഥരുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ ആരംഭിക്കുന്നതായിരിക്കും.

1. ജൂനിയർ സൂപ്രണ്ടായി താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്ന ശ്രീമതി.മഞ്ജിമ പി.രാജുവിനെ (PEN: 105291) വയനാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.നീനാ പ്രഭാകരനെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

2. ജൂനിയർ സൂപ്രണ്ടായി താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്ന ശ്രീ.വിജയൻ കെ (PEN: 105180) യെ തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ജയകുമാർ എസ് (PEN: 105370) നെ പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ശ്രീമതി.ബിന്ദുമോൾ ടി.ടി യെ (PEN: 105328) സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയതു വഴി നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

2. വയനാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.നീനാ പ്രഭാകരനെ തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ജയകുമാർ എസ് നെ സ്ഥലം മാറ്റം നൽകിയതിന്റെ ഫലമായി നിലവിൽ വരുന്ന ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

ഹെഡ്ക്ലാർക്കുമാരായ ശ്രീമതി.മഞ്ജിമ പി.രാജു, ശ്രീ.വിജയൻ കെ എന്നിവർക്ക് ജൂനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകുന്നതു മൂലം ഹെഡ്ക്ലാർക്ക് തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വരും.

മേൽ സാഹചര്യത്തിൽ, സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായിട്ടുള്ള പാലക്കാട് ജില്ലാ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.അനീഷ് കെ (PEN: 105302), കാസറഗോഡ് ജില്ലാ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.രാമകൃഷ്ണൻ സി (PEN: 105311) എന്നിവരെ 39300-83000/- രൂപ ശമ്പളനിരക്കിൽ ഹെഡ്ക്ലാർക്കായി റഗുലറായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1. ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.അനീഷ് കെ യെ തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ്ക്ലാർക്കായ ശ്രീ.പ്രദീപ് നാഥ് എ.ആർ നെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.
2. ഹെഡ്ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.രാമകൃഷ്ണൻ സി യെ കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ്ക്ലാർക്കായ ശ്രീമതി.മഞ്ജിമ പി.രാജുവിനെ സ്ഥാനക്കയറ്റം ചെയ്തതു മൂലം നിലവിൽ വന്ന ഒഴിവിലേക്ക് നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.
3. പരാമർശം (2) ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിന്നും സ്ഥലം മാറ്റുന്ന ഹെഡ്ക്ലാർക്കായ ശ്രീ.പ്രദീപ് നാഥ് എ.ആർ നെ എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ്ക്ലാർക്കായിരുന്ന ശ്രീ.വിജയൻ കെ യെ സ്ഥാനക്കയറ്റം നൽകിയതു വഴി നിലവിൽ വന്ന ഒഴിവിലും നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP(KAT)44/2018 നമ്പർ കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം/കോഴിക്കോട്.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പത്തനംതിട്ട/പാലക്കാട്/വയനാട്/കാസറഗോഡ്/തൃശ്ശൂർ
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ/ അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
4. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്